


# ഞങ്ങളുടെ കലോത്സവം



**എസ്. ഹരികിഷോർ ഐ എ എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കുടുംബശ്രീ അംഗങ്ങൾക്ക് തങ്ങളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനുള്ള വേദിയും ഞങ്ങൾ ഒരുക്കാറുണ്ട്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പ്രകടിപ്പിക്കാനാകാതിരുന്ന, അല്ലെങ്കിൽ മൂടിവയ്ക്കേണ്ടി വന്ന തങ്ങളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനുള്ള അവസരം അയൽക്കൂട്ട വനിതകൾക്കെല്ലാം ' അരങ്ങ്' എന്ന കലോത്സവത്തിലൂടെ എല്ലാവർഷവും കുടുംബശ്രീയേകുന്നു. സർഗ്ഗാത്മകമായ സാമൂഹ്യ പങ്കാളിത്തത്തിലൂടെ പുരോഗതിയെന്ന ആശയവും കലാവതരണത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തി ശാക്തീകരണവും യാഥാർത്ഥ്യമാക്കുകയാണ് ഈ 'അരങ്ങിലൂടെ'..

അരങ്ങ് ഇന്നത്തെ രീതിയിൽ അടിമുടി മാറ്റത്തോടെ ഞങ്ങൾ ആരംഭിച്ചത് 2017ലാണ്. അയൽക്കൂട്ടതലം മുതൽ സംസ്ഥാനതലം വരെ നീളുന്ന മത്സരങ്ങൾ മികച്ച കലാ




കാരികളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കൂടി ലക്ഷ്യമിടുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനതലത്തിലും കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്)യുടെ നേതൃത്വത്തിൽ ആദ്യഘട്ട മത്സരമുണ്ടാകും. ഇതിൽ വിജയിക്കുന്നവർക്കായി താലൂക്ക്തലത്തിൽ രണ്ടാം ഘട്ടവും തുടർന്ന് ജില്ലാതലത്തിൽ മൂന്നാംഘട്ട മത്സരങ്ങളും നടക്കും. പരിസമാപ്തി കുറിക്കുന്ന സംസ്ഥാനതല മത്സരമാണ് അവസാനഘട്ടം. 2017ൽ ആലപ്പുഴയിലും 2018ൽ മലപ്പുറത്തുമാണ് സംസ്ഥാനതല 'അരങ്ങ്' നടന്നതെങ്കിൽ ഈ വർഷത്തെ സംസ്ഥാനതല മത്സരങ്ങൾ പാലക്കാട്ട് നവംബർ 1,2,3 തീയതികളിലായാണ് നടത്തുന്നത്.

രണ്ട് വിഭാഗമായാണ് മത്സരങ്ങൾ. 18 വയസ്സു മുതൽ 35 വയസ്സുവരെ ജൂനിയർ വിഭാഗവും 35 ന് മുകളിൽ സീനിയർ വിഭാഗവും. തിരുവാതിര, ഒപ്പന, മാപ്പിളപ്പാട്ട്, നാടകം, ലളിതഗാനം, ഫാൻസിഡ്രസ്സ്, ശിങ്കാരിമേളം, മിമിക്രി, മോണോ ആക്ട്, കവിതാപാരായണം, കഥാപ്രസംഗം, പ്രസംഗം, മാർഗ്ഗംകളി, സ്കിറ്റ്, മൈം, സംഘഗാനം, സംഘനൃത്തം തുടങ്ങിയ സ്റ്റേജ് മത്സരങ്ങളും ചിത്രരചന, കഥാരചന, കവിതാ രചന, കാർട്ടൂൺ തുടങ്ങിയ സ്റ്റേജിതര മത്സരങ്ങളും ഉൾപ്പെടെ ആകെ 25 മത്സര ഇനങ്ങളാണ് കുടുംബശ്രീയുടെ 'അരങ്ങിൽ' ഉണ്ടാവുക.

കഴിഞ്ഞ രണ്ട് വർഷങ്ങളിലും മികച്ച നിലവാരം പുലർത്തിയ മത്സരങ്ങളായിരുന്നു അരങ്ങ് സംസ്ഥാനതലത്തിലുണ്ടായിരുന്നത്. കഴിഞ്ഞവർഷം കാസർഗോഡ് ജില്ല സംസ്ഥാന ചാമ്പ്യന്മാരും കോഴിക്കോടിന് രണ്ടാം സ്ഥാനവും കണ്ണൂർ ജില്ലയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. ഇഞ്ചോടിഞ്ച് പോരാട്ടം ഈ വർഷവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് അവസരങ്ങൾ 'അരങ്ങിൽ' ഒരുക്കാനും കലാപരമായ കഴിവുകളുള്ളവരെ പ്രോത്സാഹിപ്പിച്ച് ഉപജീവന സംരംഭ സംഘങ്ങൾ കലാരംഗത്ത് തുടങ്ങാനുമൊക്കെയാണ് ഭാവി പദ്ധതികൾ. പാലക്കാട്ടേക്ക്, അരങ്ങിന്റെ വേദിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യട്ടെ.